(ഡി) ഇത് തമ്മിലൊരു താരതമ്യപഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി) ഉണ്ട്. അൺഎയിഡഡ് മേഖലയിൽ കൂടുതൽ സ്കൂളുകൾ ഉണ്ടാക്കുന്നതും ജനന നിരക്കിലുള്ള കുറവുമാണ് പ്രധാനപ്പെട്ട കാരണങ്ങൾ.

(സി) ഉണ്ട്.

(ഡി) ഉണ്ട്. വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്. †

എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിലും മൂല്യനിർണ്ണയത്തിലും റിസൾട്ട് പ്രസിദ്ധീകരണത്തിലും ഉണ്ടായിട്ടുള്ള അപാകതകൾ

23 (*403) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിലും മൂല്യനിർണ്ണയത്തിലും റിസൾട്ട് പ്രസിദ്ധീകരണത്തിലും ഉണ്ടായിട്ടുള്ള അപാകതകൾ ഏതൊക്കെയാണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ കൂടെക്കൂടെ ഉണ്ടാകുന്ന ഇത്തരം അപാകതകൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) അപാകതകൾ അപ്പപ്പോൾ പരിഹരിക്കുകയല്ലാതെ പ്രത്യേക അവലോകനം നടത്തിയിട്ടില്ല. എന്നാൽ ഇക്കൊല്ലത്തെ കണക്കു പരീക്ഷയിൽ സാങ്കേതികമായ ചില തകരാറുകൾ ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത പരീക്ഷ റദ്ദാക്കി വീണ്ടും പരീക്ഷ നടത്തി യഥാസമയം റിസൾട്ട് പ്രഖ്യാപിക്കുകയുമുണ്ടായി.

(ബി) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ടായിട്ടുള്ള അപാകതകൾ അപ്പപ്പോൾ പരിഹരിക്കുകയും അവ ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭൂനികുതി നിരക്കുകൾ

1 (1940) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പ് ഈടാക്കിവന്നിരുന്ന ഭൂനികുതി നിരക്കുകൾ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly